# Empatia Global

**WORKING TOWARDS FAMILY HARMONY**

Monthly Newsletter, January 2021



# എംപാഷാ ഗ്ലോബൽ: ഒരു പുതിയതുടക്കം



ഓരോ നിമിഷവും, ഓരോ ദിവസവും ഭയന്നുള്ള ജീവിതം. 'എനിക്കിനി സഹിക്കാൻ വയ്യ!

എന്തിനീ ജീവിതം!' എന്ന് പുറം ലോകമറിയാതെ, ഉള്ളിൽ അലമുറയിട്ടു കരയുന്ന എത്രയോ ജീവിതങ്ങളുണ്ട് നമ്മുടെയിടയിൽ!

ഈ, നിസ്സഹായാവസ്ഥയിൽ 'നീ ഇതിലും നല്ലത് അർഹിക്കുന്നുണ്ട്, നിനക്കതിനുകഴിയും' എന്നൊരുറച്ച വിശ്വസം അവർക്കു കൊടുക്കുക. 'ഞങ്ങൾ നിന്നോടൊപ്പമുണ്ട്' എന്ന് അവരെ ചേർത്തു പിടിച്ച് അറിയിക്കുക.

മരണ മുഖത്തു നിന്നും പല ജീവിതങ്ങളെയും തിരിച്ചു കൊണ്ടുവരാനാകും. ആ മുഖങ്ങളിൽ സമാധാനത്തിന്റെ മനോഹരമായ പുഞ്ചിരി തെളിയിക്കാനാകും.

എംപാഷാ ഗ്ലോബൽ. അതിനാണീ തുടക്കം. അതാണ് ലക്ഷ്യം

ഈ ലക്ഷ്യ സാധ്യത്തിനായ് ആദ്യം തന്നെ, നമുക്കിടയിൽ പ്രശ്നങ്ങളുണ്ട് എന്ന് മനസ്സിലാക്കണം, അംഗീകരിക്കണം. ഇത് എന്റെ മാത്രം ഒറ്റപ്പെട്ടകാര്യമല്ല, ഇതേ അവസ്ഥയിലൂടെ കടന്നു പോകുന്ന അനേകരുണ്ട് എന്നറിയണം. ഇതിനൊരു പരിഹാരമുണ്ട് എന്ന് ഉറച്ചു വിശ്വസിക്കണം. അതിനായ് എനിക്ക് വഴികളുണ്ട് എന്നറിയണം.

ആ വഴികൾ ചൂണ്ടിക്കാണിക്കണം. ഈ അവബോധം സമൂഹത്തിലേക്ക് എത്തിക്കണം. ഇതാണ് എംപാഷാഗ്ലോബൽ ലക്ഷ്യമിടുന്നത്.

ഈ ന്യൂസ്ലെറ്ററിലൂടെ നമുക്ക് അതിനായി ശ്രമിക്കാം. ഇത്തരം വിഷയങ്ങളിൽ പഠനവും അനുഭവവും ഉള്ളവർക്ക് എന്താണ് പറയാനുള്ളത് എന്ന് നമുക്കിവിടെ വായിച്ചറിയാം. അത് പ്രാവർത്തികമാക്കാൻ പരിശ്രമിക്കാം.

*-മാലിനി*

EMPATIA GLOBAL MONTHLY NEWSLETTER

EDITORIAL BOARD
Nirmala Joseph, Devi Kainikkara, Babloo Chacko

DIRECTOR BOARD
Benny Vachachira (Chair Person), Biju Joseph (Vice Chair Person), Vinod Kondoor David (Secretary), Jithesh Chungath (Joint Secretary), John Pattapathy (Treasurer), Biji C Mani (Joint Treasurer), Babloo Chacko (PRO)

ADVISORY BOARD
Dr. Sarah Easaw, Dr M V Pillai, John Titus, Manmadhan Nair, Dr Bobby Varghese, Dr Ajimol Puthenpura, Arun Nellamattom, Smitha Thomas Vettuparapurath,



# CHAIRMAN'S MESSAGE

സന്തോഷവും സമാധാനവും നിറഞ്ഞ ആരോഗ്യകരമായ കുടുംബാന്തരീക്ഷം സംജാതമാക്കുക എന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടി ആഗോള അടിസ്ഥാനത്തിൽ രൂപംകൊണ്ട ലോക മലയാളികളുടെ സ്വന്തം സംഘടനയാണ് എംപാഷ ഗ്ലോബൽ. എംപാഷ എന്നാൽ എംപതി എന്നാണ് അർത്ഥം കുടുംബ ജീവിതത്തിൽ അഭിപ്രായ വ്യത്യാസങ്ങളും സൗന്ദര്യപ്പിണക്കങ്ങളും സ്വാഭാവികമാണ്. ഭാര്യയും ഭർത്താവും തമ്മിൽ പലതരത്തിലുള്ള യോജിപ്പില്ലായ്മ ഉടലെടുക്കാറുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ, ഈഗോപ്രശ്നങ്ങൾ മാനസികമായ സന്തുലനം ഇല്ലായ്മ, മയക്കുമരുന്ന് ഉപയോഗം, മദ്യപാന ആസക്തി തുടങ്ങിയവ ആരോഗ്യകരമായ കുടുംബബന്ധത്തിന് വിഘാതമായി രൂപപ്പെടാറുണ്ട്. മലയാളി സമൂഹത്തിന് ഇത്തരം വിഷയങ്ങൾ മൂലം സംഭവിക്കുന്ന ശാരീരിക പീഢനങ്ങളും അതുവഴി ഉണ്ടാകുന്ന കൊലപാതകങ്ങളും ഉണ്ടാകുന്നതിനുമുമ്പ് തന്നെ ഉചിതമായ ഫലപ്രദമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും കൃത്യമായ ബോധവൽക്കരണവും നൽകികൊണ്ട് നല്ല ഒരു സമൂഹത്തെ കെട്ടിപ്പെടുത്തുക എന്നതാണ് എംപാഷ ഗ്ലോബലിന്റെ ദൗത്യം.

2020 ഡിസംബർ 19 ന് കേരളത്തിന്റെ ആരോഗ്യമന്ത്രി കെ കെ ഷൈലജ ടീച്ചർ സംഘടനയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മലയാളി സമൂഹത്തിന്റെ ഉറപ്പുള്ള ചട്ടക്കൂട്ടിൽ ആത്മസംയമനം പാലിച്ച് കുടുംബത്തിൽ സ്നേഹത്തിന്റെയും പരിലാളനയുടേയും സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി രൂപം കൊണ്ട എംപാഷഗ്ലോബൽ വ്യക്തിബന്ധങ്ങളുടെ ശാക്തീകരണത്തിന് മഹനീയ മാതൃകയാണെന്ന് മന്ത്രി കെ കെ ഷൈലജ ടീച്ചർ ആശംസിച്ചു. ചടങ്ങിൽ സംഘടനയുടെ ബ്രാന്റ് അംബാസിഡർ പ്രൊഫ. ഗോപിനാഥ് മുതുകാട്, Fort Bend County Judge - Julie Mathew, Advisory Board അംഗങ്ങളായ ശ്രീ. ജോൺ ടൈറ്റസ്, ശ്രീ. എം വി പിള്ള, ശ്രീ. മന്മദൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ചു. അതുപോലെ കേരളത്തിലെ സാമൂഹിക പ്രവർത്തക തനൂജ ഭട്ടതിരി, ഡോ. ദിവ്യ വള്ളിപ്പടവിൽ, ഡോ. ഏയ്ഞ്ചല കോരത് തുടങ്ങിയവർ ഗാർഹിക പീഢനത്തിന്റെ ഭീകരതയെക്കുറിച്ചും അതിന്റെ നിർമ്മാർജനത്തിനായി രൂപം കൊണ്ട എംപാഷ ഗ്ലോബലിന്റെ വീക്ഷണത്തെക്കുറിച്ചും അത് ജനങ്ങളിലേക്ക് എത്തിക്കേണ്ട അടിയന്തര ആവശ്യകതയെക്കുറിച്ചും സംസാരിച്ചു.

7 പേരടങ്ങുന്ന ഡയറക്ടർ ബോർഡും, 8 പേരടങ്ങുന്ന അഡ്വൈസറി ബോർഡും, 51 പേരുടെ പ്രൊഫഷണൽ കമ്മിറ്റിയും 200 ൽ പരം ആളുകളുടെ ഗ്ലോബൽ കമ്മിറ്റിയും ആണ് ഈ സംഘടനയുടെ ചുക്കാൻ പിടിക്കുന്നത്. ഡോ. സാറ ഈശോ, ഡോ. ബോബി വർഗീസ്, സ്മിത വെട്ടുപാറപ്പുറത്ത്, ഡോ. അജിമോൾ പുത്തൻപുര ഇവരുടെ നേതൃത്വത്തിലുള്ള പ്രൊഫഷണൽ കമ്മിറ്റി വളരെ സജീവമായി പ്രവർത്തിക്കുന്നു. ജന നന്മയെ കരുതി നല്ല ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുന്നതിനും, ആഗോളതലത്തിൽ മലയാളികൾ ഒന്നിച്ചു ചേർന്ന് നല്ല ഒരു കുടുംബാന്തരീക്ഷത്തിന് തിരികൊളുത്താം. പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുവാൻ സഹകരിക്കുക, പ്രോത്സാഹിപ്പിക്കുക.

# എംപാഷാ ഗ്ലോബൽ ഉദ്ഘാടന സമ്മേളനത്തിൽ നിന്ന്



K. K. SHAILAJA



THANOOJA S BHATTATHIRI



GOPINATH MUTHUKAD

എംപാഷാഗ്ലോബൽ എന്ന കുടുംബ ശാക്തീകരണ സംഘടനയുടെ ഔദ്യോഗികമായ ഉത്ഘാടനം 2020 ഡിസംബർ 19 ശനിയാഴ്ച്ച, മലയാളികൾക്ക് ഏറ്റവും പ്രിയങ്കരനായ പ്രൊഫസർ ഗോപിനാഥ് മുതുകാടിന്റെ അധ്യക്ഷതയിൽ, കേരളത്തിന്റെ ആദരണീയയായ ആരോഗ്യവകുപ്പ് മന്ത്രി കെ കെ ശൈലജടീച്ചർ നിർവഹിച്ചു.

കല്യാണി പതിയേരിയുടെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ചയോഗത്തിൽ എംപാഷാ ഗ്ലോബലിന്റെ പ്രസിഡണ്ട് ശ്രീ ബെന്നി വാച്ചാച്ചിറ ഏവരെയും സ്വാഗതം ചെയ്തു.

പവിത്രമാകേണ്ടുന്ന കുടുംബബന്ധങ്ങളിലെ സ്നേഹവും ഊഷ്മളതയും നഷ്ടമാകുന്ന സങ്കടകരമായ അവസ്ഥ മാറ്റി, അതിനുകാരണമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ വഴിത്താരകൾതുറന്ന് വീടുകളിൽ ആഹ്ളാദ മുഖങ്ങൾ സൃഷ്ടിക്കാൻ എംപാഷാ ഗ്ലോബലിന് കഴിയട്ടെ എന്ന് പ്രൊഫസർ ഗോപിനാഥ് മുതുകാട് ആശംസിച്ചു.

വളരെ പ്രസക്തമായതും അധികമാരും ശ്രദ്ധിക്കാത്തതുമായ ഒരു വിഷയമാണ് ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് ഉത്ഘാടനം ചെയ്തു സംസാരിക്കേ ശൈലജ ടീച്ചർ സൂചിപ്പിച്ചു.

കുടുംബബന്ധങ്ങളിൽ വിട്ടുവീഴ്ചയുടെ ആവശ്യം, രക്ഷിതാക്കളുടെ ഉത്തരവാദിത്വം, കുട്ടികൾക്കായി സമയം മാറ്റിവച്ച്, അവരെകേൾക്കേണ്ടുന്നതിന്റെ അത്യാവശ്യം, ജീവിതത്തിന്റെ, തൊഴിലിന്റെ, വരുമാന വിനിയോഗത്തിന്റെ ഒക്കെ തലങ്ങളെക്കുറിച്ച് ഒരമ്മയുടെ കരുതലോടെ, ഒരദ്ധ്യാപികയുടെ ഉൾക്കാഴ്ച്ചയോടെ, ഒരു ഭരണാധികാരിയുടെ ദീർഘവീക്ഷണത്തോടെ സംസാരിച്ചു. അനുഭവങ്ങൾ പങ്കുവച്ചു. ജീവിതത്തിൽ അവസര സമത്വം ഉണ്ടായിരിക്കണമെന്നും അത് കുടുംബത്തിൽ നിന്നായിരിക്കണം തുടങ്ങേണ്ടുന്നതെന്നും ടീച്ചർ പറഞ്ഞു.

ഈ പദ്ധതി ഗൗരവത്തോടെ മുന്നോട്ടു കൊണ്ടു പോയാൽ ഇത് ലോകത്തിനുതന്നെ മാതൃകയാകും. എംപാഷാ ഗ്ലോബൽ എന്ന പദ്ധതിക്ക് പ്രിയപ്പെട്ട മന്ത്രി ശൈലജ ടീച്ചർ തന്റെ ആശംസകളും പിന്തുണയും അറിയിച്ചു.

കുടുംബ പ്രശ്നങ്ങൾ ഒളിച്ചു വയ്ക്കുന്ന സ്വഭാവമുള്ള

നമ്മുടെസമൂഹത്തിൽ, ലക്ഷക്കണക്കിന് കുട്ടികൾ ഗാർഹിക പീഡനത്തിന്റെ ഇരയായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എംപാഷാ ഗ്ലോബലിന്റെ പ്രസക്തി വളരെ വലുതാണെന്ന് ജഡ്ജ് ജൂലിമാത്യു അഭിപ്രായപ്പെട്ടു.

ജോൺടൈറ്റസ്, മന്മഥൻ നായർ എന്നിവർ എംപാഷാ ഗ്ലോബലിന്റെ ലക്ഷ്യത്തെ ക്കുറിച്ച്, സാധ്യതകളെ ക്കുറിച്ച് സംസാരിച്ച് ആശംസകൾ നേർന്നു.

ഗാർഹിക പീഡനത്തെ എങ്ങിനെ അഭിമുഖീകരിക്കാം, എപ്രകാരം പരിഹരിക്കാം എന്നൊക്കെ ചർച്ച ചെയേണ്ടത് കാലഘട്ടത്തിന്റെആവശ്യമാണ്. ഇതൊരു പ്രശ്നാധിഷ്ഠിത സംഘടനയാണെന്നും, ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ഇതിന്റ അംഗങ്ങൾ, ഒരിക്കലും സൂര്യനസ്തമിക്കാത്ത ദീനാനുകമ്പയുടെ സാമ്രാജ്യമാണ് ഇതിലൂടെ സാധ്യമാകുന്നത് എന്നും Dr. എം വി പിള്ള പറയുകയുണ്ടായി.

Dr. സാറ ഈശോ എംപാഷാ ഗ്ലോബലിന്റെ ലക്ഷ്യം തന്റെ വാക്കുകളിലൂടെ വ്യക്തമാക്കി. വിവിധ മേഖലകളിൽ പ്രാവിണ്യമുള്ളവരുടെ സാന്നിദ്ധ്യത്തിൽ ബോധവൽക്കരണം നടത്തുകയും ആവശ്യമായ അറിവ് സമൂഹത്തിലേക്ക് പകരുകയുമാണ് ലക്ഷ്യം. എംപാഷാ ഗ്ലോബൽ ആർക്കും നേരിട്ട് ചികിത്സയോ, കൗൺസിലിങ്ങോനടത്തില്ല. എന്നാൽ അതിനുള്ള റിസോഴ്സ്സ് ആവശ്യമായവർക്ക് ലഭ്യമാക്കുക, പ്രശ്നം അനുഭവിക്കുന്നവരെ തിരിച്ചറിയുക, സഹായംഎത്തിക്കുക എന്നതാണ് സാധ്യമാക്കുന്നത്. ഗാർഹിക പീഡനം മറച്ചു വയ്ക്കേണ്ടുന്ന ഒരു രഹസ്യമല്ല, മറിച്ച്, പുറത്തു കൊണ്ടു വന്ന് ചികിൽസിക്കേണ്ടുന്ന ഒരു രോഗമാണ് എന്ന അറിവ് സമൂഹത്തിലുണ്ടാക്കണം. Dr. സാറാ ഈശോ പറഞ്ഞു.

ഗാർഹിക പീഡനത്തിൽ ഇരയാകുന്നവരുടെ 'ശബ്ദം ഇല്ലാതാക്കുക 'എന്നൊരു അവസ്ഥയാണ് കുടുംബത്തിലെ അധികാര മേലാളന്മാർ സൃഷ്ടിച്ചെടുക്കുന്നത് എന്ന് തനൂജ ഭട്ടതിരി സൂചിപ്പിച്ചു. കുടുംബത്തിന്റെ അഭിമാനത്തിനും കെട്ടുറപ്പിനും വേണ്ടി, മരണമൊഴിയിൽപ്പോലും തന്റെ പീഡനത്തെ സ്ത്രീകൾ മറച്ചു വെക്കുന്ന അവസരങ്ങൾ ഉണ്ടായിട്ടുണ്ട്.

മാനസിക, ശാരീരിക പീഡനങ്ങളാൽ അരുതുകളുടെ നടുവിൽജീവിക്കാൻ നിർബന്ധിതരാകുന്ന, പെട്ടു പോകുന്ന സ്ത്രീകൾക്ക് ഇത്തരം സംഘടനകൾ വലിയൊരു ഊർജ്ജ സ്രോതസായിരിക്കും എന്നും തനൂജ ഭട്ടതിരി അഭിപ്രായപ്പെട്ടു.

Dr. ബോബി വർഗ്ഗീസ്, Dr. അജിമോൾ ലൂക്കോസ്, സ്മിതാ വെട്ടുപാറപ്പുറത്ത് എന്നിവർ പ്രബന്ധാവതാരകരെ പരിചയപ്പെടുത്തി.

Dr. ആഞ്ചെല കോരുതന്റെ ഹ്രസ്വമായ വാക്കുകളിൽ വളരെ ലളിതമായി എന്നാൽ ശക്തമായി പറഞ്ഞത്, ഗാർഹികപീഡനങ്ങളെക്കുറിച്ചുള്ള നമ്മുടെ സ്റ്റിഗ്മ അവസാനിപ്പിച്ച് ധൈര്യമായി സഹായം തേടുക എന്നാണ്. ഹൃദ്രോഗമുള്ളഒരാൾ കാർഡിയോളജിസ്റ്റിനെ കാണുന്നതു പോലെ, ഹാർട്ട് അറ്റാക്ക് വരുമ്പോൾ രക്ഷയ്കായി 911 വിളിക്കുന്നതുപോലെ ഗാർഹികപീഡനത്തിൽ നിശബ്ദത വെടിഞ്ഞ് സഹായംതേടുക. അങ്ങനെ ജീവനും ജീവിതവും രക്ഷപ്പെടുത്തുക.

Dr. ദിവ്യ വള്ളിപ്പടവിൽ വളരെ വ്യക്തമായി, വിശദമായി ഡൊമസ്റ്റിക് വയലൻസിലെ അവസ്ഥകളെക്കുറിച്ച്, ലക്ഷണത്തെക്കുറിച്ച്, പരിഹാരത്തെക്കുറിച്ച് സംസാരിച്ചു. (ലേഖനം വായിക്കുക)

ബബ്‌ലു ചാക്കോ എം സി ആയി, വളരെ കൃത്യമായി ചിട്ടയായി ചടങ്ങുകൾ നയിച്ചു.

വിനോദ് കൊണ്ടൂർ ഏവർക്കും നന്ദി പറഞ്ഞു ഈ മീറ്റിംഗ് ഉപസംഹരിച്ചു.

# DOMESTIC VIOLENCE



If a stranger was to attack, what would your reaction be? You would fight back, call the police, or possibly run away. However, if a family member or a spouse would do the same thing, what would your reaction be? Possible thoughts that one will ponder are the following:

- Will he/she go to jail?
- What will happen to the children?
- What will family members think?

This is exactly a person with domestic violence lives every day. According to United Nations Office on Drugs and Crime, a total of 87,000 women were intentionally killed in 2017. More than half of them (58%), 50,000 were killed by intimate partners or family members, meaning that 137 women across the world are killed by a member of their own family every day. More than a third (30,000) of the women intentionally killed in 2017 were killed by their current or former intimate partner, someone they would normally expect to trust.

What is domestic violence? Domestic violence is violent or aggressive behavior within the home, typically involving the violent abuse of a spouse or partner. There are three types of domestic violence, physical, emotional, and sexual. Physical violence is when a person hurts or tries to hurt a partner by hitting, kicking, or using any type of physical force. Emotional violence is a way to control another person by using emotions to criticize, embarrass, shame, blame, or manipulate. Sexual violence is a sexual act or attempt to obtain a sexual act by violence or coercion.

How does one identify domestic violence? Domestic violence is identified by manipulation, control, and abusive behavior. Abuse, in simple words, is anyone who controls you, takes your self-respect, silence you, takes your power, or your voice. There are three phases of abuse which are Tension Building Phase, Outbreak of Violence, and Honeymoon Phase.

Tension Building Phase is a willful hurt by an intimate relationship partner to another. It is an epidemic

regardless of race, religion, creed, economic status, or education background. Outbreak of Violence can be to the point of organ damage, broken bones, loss of tooth, scars on the body, or blackeye. It can involve sexual attack or sexual harassment, rape, threatening, stocking of life. Victims feel depressed, embarrassed, isolated, anxious, helpless, and stigmatized. Honeymoon Phase state they deserve their abuse. Some say they are afraid of leaving the relationship. They do not know anything other than this life. Victims will say "it is better to stay with abuse than run away from their abuser." Many victims suffer sleep problems, nightmares, insomnia, sadness, hopelessness, PTSD, lack of meaning to life, and shame.

Abusive behavior is different from marital conflict. In an abusive relationship, they feel that they behave better with the abuser and gets so addicted to the type of life. This is called Addiction of Trauma or Stockholm Syndrome.

Stockholm Syndrome is a feeling of trust or affection felt in many cases of kidnapping or hostage taken by a victim towards a captor. The victim hopes that the partner will change and show the love as before and is accompanied by false hope and false bonding.

Some may ask "Why do abusers abuse?" Abuse is completely intentional and not an accident. We assume and think it is a private family matter, but it is a crime. Abusers present themselves as the best spouse in front of the community, family, or friends. Family will pressure the victim to forgive and give another chance. This pressure will make the abuser continue the abuse and the victim will continue in this situation being abused. An abused person leads a precarious life. One minute they are held like an angel of the universe and other times she is begging for her survival.

Why does one not escape from being abused? Some cultures, traditions, and religion teach to put with the abuse because the spouse has authority on the other. Some may say it could be because the abuser had a bad childhood and workout the marriage. Some say that it will affect our "family name", while others may say to leave the abuser. All these mentioned above are forms of victim rationalization.

Victims of domestic violence state "he/she loves me." However, never confuse pity with love. If you love someone and they are expecting you to feel sorry for them, remember this is absolutely a red flag. Intimidation is power thriving. It is possessive, macerate love, keeps in track of your phone calls, expenditures, travel, etc.

Thus, domestic violence is violent or aggressive behavior toward a spouse or partner. Domestic violence results in abuse. Abuse is completely intentional and not an accident. Let us look with eyes open, understand self, and introspect that if this life is worth continuing to live. We should be aware of the environment who we can help and see through their eyes. We should give hope to the victim that they are not alone. Now, more than ever, is the time to think. Domestic violence destroys life, tears apart families, and affects our society. It is time to stand together to end this crisis that our community is facing. "Community is much more than belonging to something; it's about doing something together that makes belonging matter." - Brian Solis



Dr. Divya Vallippadavil
RN, PhD, EdD Psychology
Professor, Ohio
Email: divyajame@gmail.com

Please join us in this mission.

Help us to spread the message across the globe.

Join our monthly webinars to learn more.

Subscribe to our YouTube channel and listen to inspiring speeches from experts.

For details and resources, please visit our website: www.empatiaglobal.com

## ERADICATE DOMESTIC VIOLENCE WITHIN MALAYALEES GLOBALLY

- Empatia Global is a non-profit organization created to focus on family harmony among Malayalees across the globe.
- Our goal is to promote awareness about domestic violence.
- Our professional committee includes psychiatrists, psychologists, therapists, activists, attorneys, law enforcement and other legal officials who are familiar with different aspects of domestic abuse.
- We offer free seminars focusing on family wellbeing and domestic abuse awareness and prevention.